(പ്രതിപക്ഷ ബഹളത്തെത്തുടർന്ന് താൽക്കാലികമായി നിർത്തിവച്ച സഭ 11.44-ന് പുനരാരംഭിച്ചു.)

(കെ.എസ്.യു. മാർച്ചിനിടെ ശ്രീ. ഷാഫി പറമ്പിൽ, എം.എൽ.എ.-യെ മർദ്ദിച്ച പോലീസുദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് പ്രതിപക്ഷാംഗങ്ങൾ പ്ലക്കാർഡുകളും ബാനറുകളും ഉയർത്തി അവരവരുടെ സീറ്റിൽനിന്ന് മുദ്രാവാക്യം വിളിച്ചു.)

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ഞങ്ങൾ ഉന്നയിച്ച ഒരു ആവശ്യത്തിൽ ഞങ്ങൾ ഉറച്ചുനിൽക്കുകയാണ്. ഈ നിയമസഭയിലെ ഒരംഗമായ ശ്രീ. ഷാഫി പറമ്പിലിനെ ഭീകരമായി മർദ്ദിച്ച പോലീസ് ഉദ്യോഗസ്ഥന്മാർക്കെതിരെ നടപടിയുണ്ടാകണം. അന്വേഷണം നടക്കട്ടെ. പക്ഷേ അതിനുമുമ്പ് അവരുടെ പേരിൽ നടപടിയെടുക്കണമെന്നുള്ള ആവശ്യത്തിൽ ഞങ്ങൾ ഉറച്ചുനിൽക്കുകയാണ്. സർക്കാർ അക്കാര്യം പരിഗണിക്കണമെന്ന് വീണ്ടും ഞാൻ ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി ശ്രീ. ഇ. പി. ജയരാജനോട് അഭ്യർത്ഥിക്കുകയാണ്. (.......ബഹളം....)

മി. സ്പീക്കർ: അദ്ദേഹത്തിന് പറയാനുള്ളത് കേൾക്കൂ...

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി.

ജയരാജൻ): സർ, അന്വേഷണത്തിന് നടപടി സ്വീകരിച്ചുകഴിഞ്ഞു. ശിക്ഷിച്ചിട്ടാണോ അന്വേഷണം? അതുകൊണ്ട് അന്വേഷണ റിപ്പോർട്ട് വരട്ടെ. അന്വേഷണ റിപ്പോർട്ട് വന്നാൽ അതിനനുസരിച്ചുള്ള നടപടികൾ സ്വീകരിക്കാം. (.......ബഹളം....)

(പ്രതിപക്ഷാംഗങ്ങൾ മുദ്രാവാക്യം വിളിച്ചുകൊണ്ട് സ്പീക്കറുടെ ഡയസ്സിനുസമീപം വന്നുനിന്ന് സഭാനടപടികൾ തടസ്സപ്പെടുത്തികൊണ്ടിരുന്നു.)

മി. സ്പീക്കർ: ഓർഡർ... ഓർഡർ... സഭാനടപടികൾ നിർഭാഗ്യകരമായ സാഹചര്യത്തിലേക്ക് നീങ്ങിയ പശ്ചാത്തലത്തിൽ കക്ഷിനേതാക്കളുടെ യോഗം ചേർന്നിരുന്നു. സാധാരണഗതിയിൽ നിയമസഭയിൽ പ്രതിഷേധ പ്രകടനങ്ങളും വൈകാരിക പ്രകടനങ്ങളും സ്വാഭാവികമാണെങ്കിലും വ്യത്യസ്ത നിലയിലുള്ള പ്രതിഷേധ പ്രകടനങ്ങൾ വേദിയിലുണ്ടായിട്ടുണ്ടെങ്കിലും ഇന്ന് വളരെ നിർഭാഗ്യകരമായ സാഹചര്യം സഭയിലുണ്ടായിയെന്നത് ചെയർ നിരീക്ഷിക്കുകയാണ്. ബഹുമാന്യനായ സാമാജികർ സർവ്വശ്രീ റോജി എം. ജോൺ, ഐ. സി. ബാലകൃഷ്ണൻ, എൽദോസ് പി. കുന്നപ്പിള്ളിൽ, അൻവർ സാദത്ത് എന്നീ നാല് സാമാജികർ സഭാനടത്തിപ്പിന്റെ സാമാന്യമര്യാദകളെ ലംഘിക്കുന്ന രീതിയിൽ പെരുമാറിയത് നിർഭാഗ്യകരമായ കാര്യമാണെന്ന്

ചെയർ നിരീക്ഷിക്കുന്നു. ഇതുമായി ബന്ധപ്പെട്ട്, കാര്യങ്ങൾ കൂടിയാലോചിച്ച് തീരുമാനിക്കേണ്ടിവരുമെന്ന് അറിയിക്കുകയാണ്. (.......ബഹളം....)

ഓർഡർ... ഓർഡർ..... ശ്രദ്ധക്ഷണിക്കലുകളും സബ്മിഷനുകളും റദ്ദ് ചെയ്യുന്നു. അവയ്ക്കുള്ള മറുപടികൾ ബന്ധപ്പെട്ട മന്ത്രിമാർ മേശപ്പുറത്ത് വയ്ക്കേണ്ടതാണ് [+].

**ചട്ടത്തിനുള്ള ഭേദഗതികളുടെ പരിഗണന**

(നോട്ടീസ് നൽകിയിരുന്ന അംഗം സീറ്റിലില്ലാതിരുന്നതിനാൽ അവതരിപ്പിക്കപ്പെട്ടില്ല.)

(പ്രതിപക്ഷാംഗങ്ങൾ സ്പീക്കറുടെ ഡയസ്സിനുസമീപംനിന്ന് മുദ്രാവാക്യം വിളിച്ചുകൊണ്ട് സഭാനടപടികൾ തടസ്സപ്പെടുത്തികൊണ്ടിരുന്നു.)

---

+ അനുബന്ധമായി ചേർത്തിരിക്കുന്നു.